**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2888** **18-03-2022 - ൽ മറുപടിയ്ക്ക്**

**വനവിഭവങ്ങളുടെ പരിപാലനവും സുസ്ഥിര വികസനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. പി. ബാലചന്ദ്രൻ | | null<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനവിഭവങ്ങളുടെ പരിപാലനവും സുസ്ഥിര വികസനവും ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് വനവിഭവങ്ങളുടെ സുസ്ഥിര വികസനവും പരിപാലനവും ലക്ഷ്യമിട്ട് ഓരോ വനം ഡിവിഷനുകളിലും (ടെറിട്ടോറിയൽ & വൈൽഡ് ലൈഫ്) അംഗീകൃത വർക്കിംഗ് പ്ലാൻ/മാനേജ്മെന്റ് പ്ലാൻ/ടൈഗർ കൺസർവേഷൻ പ്ലാൻ (ടിസിപി)നും, നിലവിലെ വനനിയമങ്ങൾക്കും വിധേയമായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നു. ഇത്തരത്തിൽ ക്രമാനുഗത പ്രവർത്തനങ്ങളിലൂടെ നമ്മുടെ വനസമ്പത്ത് സുസ്ഥിരമായി പരിപാലിക്കുന്നതിനും, സംരക്ഷിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. പങ്കാളിത്ത വനപരിപാലനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് 427 വനസംരക്ഷണ സമിതികളും (വിഎസ്എസ്), 213 ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികളും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. വനാശ്രിതരായ ആദിവാസികൾ ഉൾപ്പെടെയുള്ളവർ മേൽ സമിതികളിൽ അംഗങ്ങളാണ്. പങ്കാളിത്ത വനപരിപാലന തത്വത്തിൻ കീഴിൽ നടപ്പാക്കുന്ന വിവിധ വനസംരക്ഷണ/വനവൽക്കരണ പദ്ധതികൾ വിഎസ്എസ്, ഇ.ഡി.സികൾ വഴി നടപ്പാക്കുന്നു. തടിയേതര വനവിഭവങ്ങളുടെ ശാസ്ത്രീയമായ ശേഖരണം, സംസ്കരണം, മൂല്യവർദ്ധനവ്, സംഭരണം എന്നിവ വഴി തടിയേതര വനവിഭവങ്ങളുടെ സ്ഥിരലഭ്യത ഉറപ്പുവരുത്തുന്നതിന് സാധിക്കുന്നു. ചെറുകിട വനവിഭവങ്ങളുടെ സുസ്ഥിര പരിപാലനം ലക്ഷ്യമിട്ട് ഈ രംഗത്ത് പ്രവർത്തിക്കുന്ന പ്രമുഖ സ്ഥാപനങ്ങൾ വഴി വിവിധ പരിശീലന പരിപാടികൾ ആദിവാസി സമൂഹത്തിന് നൽകിവരുന്നുണ്ട്. കൂടാതെ, വനവിഭവങ്ങൾ ശാസ്ത്രീയമായി സൂക്ഷിക്കുന്നതിനാവശ്യമായ സംവിധാനങ്ങളും വനം |

| | | | |
|---|---|---|---|
| | | | വകുപ്പ് ഏർപ്പെടുത്തി വരുന്നുണ്ട്. ആദിവാസികൾ വനത്തിനുള്ളിൽ നിന്നും ശേഖരിക്കുന്ന വനവിഭവങ്ങൾ ശാസ്ത്രീയമായി സംസ്കരിച്ച് മൂല്യവർദ്ധനവ് നടത്തി 'വനശ്രീ' എന്ന ബ്രാൻഡിൽ സംസ്ഥാനത്തൊട്ടാകെ പ്രവർത്തിച്ചു വരുന്ന വിപണന കേന്ദ്രങ്ങൾ വഴി വിറ്റഴിക്കുന്നു. ഇത്തരത്തിൽ വിറ്റഴിക്കുന്ന വനശ്രീ വനവിഭവങ്ങളുടെ വിപണന വിലയിൽ നിന്നും ഒരു ഭാഗം, വനവിഭവങ്ങൾ ശേഖരിക്കുന്ന ആദിവാസികൾക്ക് ലഭിക്കുന്നു. |
| (ബി) | വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനും വനമേഖലയിലെ വൃക്ഷസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | (ബി) | വനവിസ്തൃതി വർദ്ധിപ്പിക്കുക, വനത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുക, എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി വിവിധ പ്ലാൻ, നോൺ പ്ലാൻ ബജറ്റ് ശീർഷകങ്ങളായ ഫോറസ്റ്റ് പ്രൊട്ടക്ഷൻ, റീ ജനറേഷൻ ഓഫ് ഡെന്യൂഡഡ് ഫോറസ്റ്റ്സ് (RDF), ഫോറസ്റ്റ് ഫയർ പ്രിവൻഷൻ & മാനേജ്മെന്റ് സ്കീം (FPMS), നോൺ-വുഡ് ഫോറസ്റ്റ് പ്രോഡക്ട്സ് ഇൻക്ലൂഡിംഗ് പ്രൊമോഷൻ ഓഫ് മെഡിസിനൽ പ്ലാന്റ്സ് കൺസർവേഷൻ ഓഫ് ബയോഡൈവേഴ്സിറ്റി, ഇക്കോഡെവലപ്മെന്റ് പ്രോഗ്രാം, പ്രോജക്ട് എലിഫന്റ്, അഗസ്ത്യ മല ബയോസ്ഫിയർ റിസർവ്, നീലഗിരി ബയോസ്ഫിയർ റിസർവ്, ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ്സ്-മാനേജ്മെന്റ് ഓഫ് വൈൽഡ് ലൈഫ് സാങ്ചറീസ്, വെറ്റ് ലാന്റ് കൺസർവേഷൻ എന്നിങ്ങനെ കേന്ദ്ര-സംസ്ഥാന സർക്കാർ ധനസഹായത്തോടെ വിവിധ പ്രവർത്തികൾ വനം വകുപ്പ് ആസൂത്രണം ചെയ്തു നടപ്പാക്കിവരുന്നുണ്ട്. കൂടാതെ, റീബിൽഡ് കേരള ഡവലപ്മെന്റ് പ്രോഗ്രാം (RKDP), കിഫ്ബി പദ്ധതി എന്നിവകളിൽ ഉൾപ്പെടുത്തി സ്വകാര്യ സെറ്റിൽമെന്റുകൾ, എസ്റ്റേറ്റുകൾ, കണ്ടൽക്കാടുകൾ എന്നിവ ഏറ്റെടുക്കുന്നതിനുള്ള കർമ്മ പരിപാടികളും വനം വകുപ്പ് നടപ്പാക്കി വരുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ കീഴിൽ വരുന്ന പ്രവർത്തനങ്ങളും കേന്ദ്ര സർക്കാരിന്റെ ധന സഹായത്തോടെയുള്ള വിവിധ പങ്കാളിത്ത വനപരിപാലന പദ്ധതികളിലൂടെയും വനസംരക്ഷണ, വനപരിപാലന പ്രവർത്തനങ്ങൾ വിഎസ്എസ്/ഇഡിസികൾ വഴിയും നടപ്പാക്കി വരുന്നു. നഗരപ്രദേശങ്ങളിൽ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സ്കൂളുകൾ, കോളേജുകൾ, മറ്റു സ്വകാര്യ സ്ഥാപനങ്ങൾ ഉൾപ്പെടെ നക്ഷത്രവനം, വിദ്യാവനം, നഗരവനം എന്നിങ്ങനെയുള്ള ചെറുവനങ്ങൾ വളർത്തിയെടുക്കുന്നതിനായുള്ള പരിപാടികളും വനം വകുപ്പ് നടപ്പാക്കി വരുന്നുണ്ട്. തൻവർഷം CAMPA |

| | | | |
|---|---|---|---|
| | | | (Compensatory Afforestation Fund Management and Planning Authority) പദ്ധതി വഴി വന സംരക്ഷണ പ്രവർത്തനങ്ങൾക്കായി 15.08 കോടി രൂപ അനുവദിച്ചു. സംസ്ഥാന സർക്കാരിന്റെ മറ്റൊരു സുപ്രധാന കാൽവയ്പ്പാണ് സ്വാഭാവിക വനങ്ങളുടെ പുനരുദ്ധാരണ നയരേഖയുടെ അംഗീകാരം നൽകൽ. വനത്തിന്റെ വ്യാപനത്തിനും നിലനിൽപ്പിനും ഭീഷണിയായി വർത്തിക്കുന്ന വിദേശയിനം സസ്യജാലങ്ങളെ പൂർണ്ണമായും നീക്കം ചെയ്ത് നമ്മുടെ വന പരിസ്ഥിയ്ക്ക് ഇണങ്ങുന്ന പ്രാദേശിക വൃക്ഷ ഇനങ്ങളെ വച്ചു പിടിപ്പിക്കലും പരിപാലനവുമാണ് പുതുതായി പുറപ്പെടുവിച്ച ഈ നയരേഖയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. നമ്മുടെ വനത്തിനും ആവാസവ്യവസ്ഥയ്ക്കും അനുയോജ്യമായ ഇത്തരം സ്വാഭാവിക വൃക്ഷ ഇനങ്ങൾ വച്ചുപിടിപ്പിക്കുന്നതിലൂട വനങ്ങളുടെ സ്വാഭാവിക അവസ്ഥ പുനസ്ഥാപിച്ച് വനങ്ങളുടെ ഗുണമേൻമ വർദ്ധിപ്പിക്കുന്നതിന് ടി നയരേഖയിൽ ലക്ഷ്യമിടുന്നത്. |
| (സി) | സംസ്ഥാനത്ത് നടത്തി വരുന്ന ദേശീയ വനവൽക്കരണ പരിപാടിയിലൂടെ കൈവരിച്ച നേട്ടങ്ങൾ പ്രത്യേകമായി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | 2002-03 മുതൽ 2015-16 വരെ 7756.68 ലക്ഷം രൂപ ചിലവഴിച്ച് ദേശീയ വനവൽക്കരണ പരിപാടിയിലൂടെ 39619.31 ഹെക്ടർ വനപ്രദേശത്ത് വനവൽക്കരണ വനസംരക്ഷണ പ്രവർത്തനങ്ങൾ തദ്ദേശീയരായ വനാശ്രിതരുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുകയുണ്ടായി. ഇതോടൊപ്പം വനാശ്രിത സമൂഹത്തിന്റെ പൊതു ആവശ്യങ്ങളായ സ്കൂൾ, അംഗനവാടി, കമ്മ്യൂണിറ്റി ഹാൾ, കുടിവെള്ള പദ്ധതികൾ, വനാശ്രിത സമൂഹത്തിലെ അംഗങ്ങളായ യുവതി-യുവാക്കൾക്ക് വിവിധ മേഖലയിൽ തൊഴിൽ പരിശീലനങ്ങൾ എന്നിവയും കൂടാതെ, ജലസ്രോതസ്സുകളുടെയും ചെറുകുളങ്ങളുടേയും സംരക്ഷണം, മണ്ണൊലിപ്പുതടയൽ, എന്നീ പ്രവർത്തനങ്ങളും ദേശീയ വനവൽക്കരണ പരിപാടിയിലൂടെ നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക വഴി വനാശ്രിത സമൂഹത്തിലെ ജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനും അതുവഴി അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും പദ്ധതി നടത്തിപ്പ് സഹായകരമായിട്ടുണ്ട്. |
| (ഡി) | ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹത്തിന് കൂടുതൽ തൊഴിലവസരങ്ങളും മെച്ചപ്പെട്ട വേതനവും ഉറപ്പാക്കുക വഴി അവരുടെ വരുമാനവർദ്ധനവിനും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും നടപ്പിലാക്കിയിട്ടുള്ള | (ഡി) | പങ്കാളിത്ത വനപരിപാലനത്തിനു കീഴിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുക വഴി ആദിവാസികൾ ഉൾപ്പടെയുള്ള വനാശ്രിതർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനും അതുവഴി ജീവിതനിലവാര വർദ്ധനവിനും സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ? | | ദേശീയ വനവൽക്കരണ പരിപാടി, ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി, ദേശീയ ഔഷധ സസ്യബോർഡിന്റെ പദ്ധതികൾ, ട്രൈഫെഡ് പദ്ധതികളായ എം.എസ്.പി ഫോർ എം.എസ്.പി, വൻധൻ വികാസ് യോജനയ്ക്ക് കീഴിലുള്ള പദ്ധതി എന്നിവ വഴിയും, ഇക്കോട്ടൂറിസം പദ്ധതിയിൽ ഗൈഡുകളായി നിയോഗിക്കുന്നതു വഴിയും, വനശ്രീ പദ്ധതിയിൽ വനവിഭവ ശേഖരണം, സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം എന്നീ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്ന വഴിയും, കാട്ടുതീ പ്രിതിരോധ പ്രവർത്തനങ്ങൾ അടക്കമുള്ള വനസംരക്ഷണ പ്രവർത്തനങ്ങളിൽ വിഎസ്എസ്/ഇഡിസി അംഗങ്ങളെ പങ്കാളികളാക്കുക വഴിയും ആദിവാസികൾ ഉൾപ്പടെയുള്ള വനാശ്രിത സമൂഹത്തിന് കൂടുതൽ തൊഴിലവസരങ്ങളും അതുവഴി ജീവിത നിലവാര ഉയർച്ചയ്ക്കും സഹായകരമായി വരുന്നു. |

സെക്ഷൻ ഓഫീസർ